## 1249

അനുഗ്രഹിക്ക വധുവൊടുവരനെ സർവ്വേശാ! മംഗളം
ശിരസ്സിൻ നിൻകൈ നലമൊടുവച്ചു വാഴ്ത്തേണം

1 ഒരിക്കലും വേർപെടാത്ത മോദം കൈവന്നും മംഗളം
ശരിക്കു തങ്ങടെ ജീവിതകാലം പോക്കിടാൻ

2 വിശിഷ്ടമാകും കാന്തി വിളങ്ങിയ സൂര്യന്നും സന്തതം
ശശിപ്രഭയ്ക്കും സാമ്യമെഴുന്നിവർ ശോഭിപ്പാൻ മംഗളം-

3 അരിഷ്ടകാലം വ്യാധികളെന്നിവയേശാതെ മംഗളം
ഭരിച്ചു ഭാഗ്യക്കടലതിൽ മുഴുകാൻ വാഴ്ത്തേണം മംഗളം-

4 റിബേക്കയാകും വധുവൊടു സഹിതൻ ഇസ്ഹാക്കുപോൽ മംഗളം
വിവേകമോടും നിജഗൃഹഭരണം ചെയ്തിടാൻ മംഗളം- **K.V.S.**